# ജില്ലാ ശുചിത്വ മിഷൻ തൃശൂർ

ജില്ലാപഞ്ചായത്ത്, പി.ഒ. അയ്യന്തോൾ

ഫോൺ :0487 2360154

ഇമെയിൽ : tsctsrker@gmail.com


നം. 327/ടി.എസ്.സി/13 03.06.2013

സ്വീകർത്താവ്

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ
തൃശൂർ

ഡി.ഇ.ഒ
എ.ഇ.ഒ

സർ,

വിഷയം : ജൂൺ 5 ലോക പരിസ്ഥിതി ദിനം - സ്കൂൾ പ്രതിജ്ഞ - സംബന്ധിച്ച്:-

സൂചന : 30.05.2013ലെ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ യോഗ തീരുമാനം

ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് എല്ലാ സ്കൂളുകളിലേയും അസംബ്ളിയിൽ ഇതോടൊപ്പം വെച്ചിരിക്കുന്ന പ്രതിജ്ഞ ചൊല്ലുന്നതിനുവേണ്ട നടപടികൾ എടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജില്ലാ കോ-ഓർഡിനേറ്റർ

# പ്രതിജ്ഞ

നമ്മുടെ നാട്ടിൽ പടർന്നു പിടിക്കുന്ന പകർച്ചവ്യാധി പ്രതിരോധിക്കുന്നതിൽ ഈ നാട്ടിലെ പൗരബോധമുള്ള വിദ്യാർത്ഥി എന്ന നിലയിൽ എനിക്ക് പങ്കുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. പകർച്ചവ്യാധി പടരുന്നതിന് കാരണക്കാരായ കൊതുക്, ഈച്ച, എലി എന്നിവ പെറ്റുപെരുകുന്നതിന് സഹായകമായ ഒരു നടപടിയും എന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ലഎന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. മാലിന്യങ്ങൾ വലിച്ചെറിയുകയോ മലിനജലം കെട്ടിനിൽക്കുകയോ ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാക്കില്ലെന്നും പൗരബോധമുള്ള വ്യക്തി എന്ന നിലയിൽ ഇത്തരം പ്രവൃത്തികളിൽ നിന്നും സഹപാഠികളെ നിരുത്സാഹപ്പെടുത്തും എന്നും എന്റെ വീട്, പരിസരം, വിദ്യാലയം എന്നിവ വൃത്തിയായി സൂക്ഷിക്കും എന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.